**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ബഫർ സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഏതൊക്കെ പ്രദേശങ്ങളാണ് ഇപ്രകാരം വനഭൂമിയായി രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വിസ്തീർണ്ണം സഹിതം വ്യക്തമാക്കുമോ? | (എ) | ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രകാരം സംഭവിച്ചിട്ടുണ്ടെന്ന രീതിയിൽ മൂന്ന് പരാതികൾ (തൃശ്ശൂർ ഡിവിഷൻ-2, പെരിയാർ വെസ്റ്റ് ഡിവിഷൻ-1) ലഭിച്ചിട്ടുണ്ട്.<br><br>കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന ചിമ്മിനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ ഭൂപടത്തിൽ "പരിയാരം" എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് കാണിച്ച് സൈജു.പി.സി എന്നയാൾ 1006/23 നമ്പരായി ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കി സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ചിമ്മിനി വന്യജിവി സങ്കേതത്തിന് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ പരിയാരം എന്ന രേഖപ്പെടുത്തലുണ്ടായിരുന്നു. എന്നാൽ പരിയാരം പഞ്ചായത്ത് നിർദ്ദിഷ്ട ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതല്ല. ഈ അപാകത ടി പ്രദേശത്തെ ജനങ്ങളിൽ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ചതായി മനസ്സിലാക്കിയതിനെത്തുടർന്ന് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ഭൂപടത്തിൽ നിന്നും പരിയാരം എന്ന രേഖപ്പെടുത്തൽ ഒഴിവാക്കുന്നതിനായി 11-01-2023-ൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെന്ററിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ